## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2840 20.03.2015-ൽ മറുപടിയ്ക്ക്

# കടുത്തുരുത്തി എക്സൈസ് സർക്കിൾ ഓഫീസ് കെട്ടിട നിർമ്മാണം

ചോദ്യം

ശ്രീ.മോൻസ് ജോസഫ്

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കടുത്തുരുത്തി എക്സൈസ് സർക്കിൾ ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഇപ്പോൾ റവന്യൂ വകുപ്പിൽ നിലവിലുള്ള 37294/Rev.A/14 എന്ന ഫയലിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | കടുത്തുരുത്തി എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തിരം സമർപ്പിക്കാൻ 04.10.2014-ലെ 37294/എ 1/2014/റവ നമ്പർ കത്ത് മുഖാന്തിരം കോട്ടയം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ ഫയലിൽ സ്വീകരിക്കേണ്ട നടപടികൾക്കായി കോട്ടയം കലക്ടറേറ്റിൽ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവെന്ന് അറിയിക്കാമോ; | കടുത്തുരുത്തി എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് കോട്ടയം ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം ടി വില്ലേജിൽ സർവ്വെ നം.30/2 എ 1, 30/2 എ 2-ൽപ്പെട്ട 08.09 ആർ സ്ഥലം സംബന്ധിച്ച് വൈക്കം തഹസിൽദാർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുത്ത് കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നികിന് കൈമാറിയിട്ടുള്ളതിനാൽ പ്രസ്തുത സ്ഥലം കൈമാറി ലഭിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള എൻ.ഒ.സി സഹിതം അപേക്ഷിക്കുവാൻ കോട്ടയം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് കോട്ടയം ജില്ലാ കളക്ടർ 09.03.2015-ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (സി) | കോട്ടയം കളക്ടറേറ്റിൽ നിന്നുമുള്ള റിപ്പോർട്ട് റവന്യൂ വകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ? | ഇല്ല. കോട്ടയം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറിൽ നിന്നും അർത്ഥനാപത്രം കോട്ടയം ജില്ലാ കളക്ടർക്ക് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം ലാൻഡ് റവന്യൂ കമ്മീഷണർ മുഖേനയാണ് ഭൂമി കൈമാറ്റ ശുപാർശ സർക്കാരിന് സമർപ്പിക്കുന്നത്. |

C.K.V. Kumar

സെക്ഷൻ ഓഫീസർ